ഉത്തരം

(എ) 3 കേസുകൾ.

(ബി) ഇത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളായ 10 പോലീസുകാർക്കെതിരെ കേസെടുത്തിട്ടുണ്ട്. കേസുകളിൽ ഒന്നുംതന്നെ കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

(സി) ഒരാൾ മരണമടഞ്ഞിട്ടുണ്ട്. പെരുമ്പടപ്പ് പി.സി. സി.ബി.സി.ഐ.ഡി. ക്രൈം നമ്പർ 107/സി.ആർ./04.

(ഡി) കേസുകളെല്ലാം അന്വേഷണാവസ്ഥയിലാണ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

കിള്ളിയിലെ പോലീസ് അതിക്രമം

80 [81] ശ്രീ. പിരപ്പൻകോട് മുരളി:

,, കെ. രാധാകൃഷ്ണൻ:

,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിള്ളി പോലീസ് അതിക്രമത്തെപ്പറ്റി സർക്കാർ എന്തെങ്കിലും അന്വേഷണം നടത്താൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ആരാണ് പ്രസ്തുത അന്വേഷണം നടത്തിയതെന്നും അതിന്റെ റിപ്പോർട്ട് എന്നു ലഭിച്ചുവെന്നും വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ; ഇതിൽ പ്രധാന നിഗമനങ്ങൾ എന്തൊക്കെയാണ്;

(ബി) മനുഷ്യാവകാശ കമ്മീഷൻ ഇതു സംബന്ധിച്ച് അന്വേഷിച്ച് നൽകിയ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; ഇതിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു; ഈ റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ;

(സി) സംഭവത്തോടനുബന്ധിച്ച് എത്ര പോലീസ് ഉദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്തിരുന്നു, അവർ ആരെല്ലാമെന്നും അവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണമോ സി.ബി.ഐ. അന്വേഷണമോ നടത്തണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ അതിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) കേസുകൾ ഹൈക്കോടതിയുടെ പരിഗണനയിലിരിക്കേ പോലീസ് ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ പിൻവലിച്ചത് സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും നിഗമനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; ഹൈക്കോടതി വിധിയുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) 13-10-2003-ലെ സർക്കാർ കത്ത് നമ്പർ 57974/എ2/2003/ആഭ്യന്തരം പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് കേരള മനുഷ്യാവകാശ കമ്മീഷൻ കിള്ളിയിലെ സംഭവത്തെപ്പറ്റി അന്വേഷണം നടത്തുകയും 2-12-2003-ൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ടിലെ 35, 36, 37, 38 പേജുകളിലെ ശുപാർശകൾ അംഗീകരിക്കുകയും പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്നു കണ്ട പോലീസ് ഉദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്യുകയും ചെയ്തു. കൂടാതെ ടി പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ ക്രൈം കേസ് രജിസ്റ്റർ ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. കേസന്വേഷണം പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിനെ ഏൽപ്പിക്കുവാനും അതിക്രമത്തിന് ഇരയായവർക്ക് ഇടക്കാലാശ്വാസം നൽകുവാനും ഉത്തരവായിട്ടുണ്ട്. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) താഴെപ്പറയുന്ന പോലീസ് ഉദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്യുകയുണ്ടായി:

1. ശ്രീ. അശോക് യാദവ്, ഐ.പി.എസ്., (മുൻ സൂപ്രണ്ട് ഓഫ് പോലീസ്, തിരുവനന്തപുരം റൂറൽ).

2. ശ്രീ. യോഗേഷ്, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, (മുൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, നെടുമങ്ങാട്).

3. ശ്രീ. ജയരാജ്, സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ് (മുൻ സി.ഐ., കാട്ടാക്കട).

4. ശ്രീ. രാധാകൃഷ്ണപിള്ള, സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ് (മുൻ സി.ഐ., ആര്യനാട്).

5. ശ്രീ. മുഹമ്മദ് ഹുസൈൻ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (മുൻ എസ്.ഐ., മലയിൻകീഴ്).

6. ശ്രീ. പ്രമോദ് കുമാർ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (മുൻ എസ്.ഐ., നെടുമങ്ങാട്).

7. ശ്രീ. രാധാകൃഷ്ണൻ നായർ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (മുൻ എസ്.ഐ., വിതുര).

8. ശ്രീ. മുരളീധരൻ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (മുൻ എസ്.ഐ., നെയ്യാർ ഡാം).

ടി ഉദ്യോഗസ്ഥർ അവർക്കെതിരെയുള്ള അന്വേഷണത്തെ സ്വാധീനിക്കാൻ ഇടയില്ലെന്നും ആയതിനാൽ അവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാമെന്ന ഡി.ജി.പി.-യുടെ ശുപാർശയുടേയും പോലീസ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷന്റെ നിവേദനത്തിന്റെയും വെളിച്ചത്തിലാണ് സസ്പെന്റ് ചെയ്യപ്പെട്ടവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചത്.

(ഡി) ഇത്തരത്തിലൊരു കോടതി നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടില്ല.

(ഇ) ഇതു സംബന്ധിച്ച ഹൈക്കോടതിയുടെ നിഗമനം സർക്കാരിന് ലഭിച്ചിട്ടില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly